ഉത്തരം

(എ & ബി) നിലവിൽ ലിസ്റ്റില്ലെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. എന്നാൽ പി.എസ്.സിയുടെ അനുവാദത്തോടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്ന കാര്യം പരിഗണിക്കുന്നുണ്ട്.

**ടി. എൻ. തങ്കമ്മയ്ക്ക് ഇൻവാലിഡ് പെൻഷൻ**

**101 (649)** ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരിയായിരുന്ന വാടയ്ക്കലിൽ മുളയ്ക്കൽ ദേവി വിലാസത്തിൽ ടി.എൻ. തങ്കമ്മ ഇൻവാലിഡ് പെൻഷന് 1-1-98-ന് നൽകിയ അപേക്ഷയിൻമേൽ തീരുമാനമായിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) ശ്രീമതി തങ്കമ്മയ്ക്ക് ഇൻവാലിഡ് പെൻഷന് അർഹതയില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ ;

(സി) ഇൻവാലിഡ് പെൻഷന് അർഹതയുള്ളതിനാൽ ആവശ്യമായ രേഖകൾ അയച്ചു കൊടുക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ 25-2-2000-ൽ ആവശ്യപ്പെട്ടതു പ്രകാരമുള്ള രേഖകൾ അയച്ചു കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് അയച്ചു കൊടുത്തതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ആലപ്പുഴ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 25-5-2000-ൽ എ.ഇ.ഒ.യ്ക്ക് ഇതു സംബന്ധിച്ച് നൽകിയ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) ശ്രീമതി.തങ്കമ്മ അപകടത്തിൽപ്പെട്ട് ഇനി ജോലി നോക്കാൻ ആവാത്ത അവസ്ഥയിലാണെന്നത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ ;

(എഫ്) ശ്രീമതി. തങ്കമ്മയ്ക്ക് പെൻഷൻ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-എഫ്) തങ്കമ്മയ്ക്ക് കെ.എസ്.ആർ.ലെ പാർട്ട് III 43, 44,45 എന്നീ റൂളുകൾക്കു വിധേയമായി ഇൻവാലിഡ് പെൻഷൻ അനുവദിക്കുവാൻ തീരുമാനം ആയിട്ടുണ്ട്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

**യു. പി. സ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എസ്.എ തസ്തികയിലേക്ക് പ്രൊമോഷൻ**

**102 (650)** ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ യു.പി.സ്കൂൾ അദ്ധ്യാപകർക്ക് എച്ച്.എസ്.എ മലയാളം തസ്തികയിലേക്ക് പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക് ;

(ബി) ഇവരെ പ്രൊമോട്ട് ചെയ്തപ്പോൾ എച്ച്.എസ്.എ മലയാളം തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമ്പോൾ ഇവരെ റിവർട്ട് ചെയ്യുമെന്ന് വ്യവസ്ഥ ചെയ്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly